പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 870 | 8.3.2011 ന് മറുപടിയ്ക്ക്

## മാടായി ഐ.ടി.ഐ.യ്ക്ക് കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ്. | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) മാടായി ഐ.ടി.ഐ. യ്ക്കുവേണ്ടി റവന്യൂ വകുപ്പ് നൽകിയ സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ ഇതുവരെ എത്ര ലക്ഷം രൂപ ചെലവഴിച്ചു ; | (എ) മാടായി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനായി ഇതുവരെ 60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) കെട്ടിടം പണി പൂർത്തിയാക്കാത്ത തിനാൽ മാടായി ഐ.ടി.ഐ. വിദ്യാർത്ഥികളും അദ്ധ്യാപകരും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) ഐ.ടി.ഐ. കെട്ടിടത്തിന്റെ നിർമ്മാണം പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുന്നതിനായി പയ്യന്നൂർ സബ് കോടതിയിൽ നിലനിൽക്കുന്ന O.S. No.54/11 കോടതിക്ക് പുറത്ത് ഒത്തുതീർപ്പാക്കുന്നതിനായുള്ള നടപടി സ്വീകരിക്കുകയും O.S. No.54/11 -..ാം നമ്പർ കേസിന്മേൽ പയ്യന്നൂർ സബ്കോടതി പുറപ്പെടുവിച്ചിട്ടുള്ള ഐ.എ.600/11 ാം നമ്പർ സ്റ്റേ ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനായുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) ഐ.ടി.ഐ. കെട്ടിടത്തിന്റെ നിർമ്മാണം എന്ന് പുനരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ? | (ഡി) കെട്ടിടത്തിന്റെ നിർമ്മാണം എത്രയും പെട്ടെന്ന് പുനരാരംഭിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ